**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 756** **10-02-2025 - ൽ മറുപടിയ്ക്ക്**

**മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | ചവറ മണ്ഡലത്തിലെ നീണ്ടകരയിൽ പ്രവർത്തിക്കുന്ന മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (എ) | ചവറ മണ്ഡലത്തിലെ നീണ്ടകര കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് പി.പി.പി മാതൃകയിൽ വികസിപ്പിക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളുകയും 24.10.2024 ന് ഒരു താല്പര്യപത്രം ക്ഷണിക്കുകയും ചെയ്തു. മാരിടൈം വിദ്യാഭ്യാസ മേഖലയിലെ അനന്തമായ സാധ്യതകൾ മനസ്സിലാക്കുന്നതിനുവേണ്ടിയും വ്യവസായവും വിദ്യാഭ്യാസ ശ്രേണിയുമായുള്ള വിടവ് പരിഹരിക്കുന്നതിനുവേണ്ടിയും ദേശീയ തലത്തിലുള്ള ഒരു വിദ്യാഭ്യാസ കോൺഫറൻസ് "കേരള മാരിടൈം എഡ്യൂക്കേഷൻ കോൺഫറൻസ്" കൊച്ചി ബോൾഗാട്ടി പാലസിൽ വച്ചു കേരള മാരിടൈം ബോർഡ് നടത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥാപനത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് സമയക്രമം നിശ്ചയിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ? | (ബി) | നീണ്ടകര കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് പി.പി.പി മാതൃകയിൽ വികസിപ്പിക്കുന്നതിനുള്ള താല്പര്യപത്രം സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 01/02/2025 വരെയായിരുന്നു. അഞ്ച് സ്ഥാപനങ്ങൾ താല്പര്യപത്രം സമർപ്പിച്ചിട്ടുണ്ട്. താല്പര്യപത്രത്തിൽ അധിഷ്ഠിതമാക്കി ടെണ്ടർ നടപടികൾ പൂർത്തിയാക്കി പദ്ധതി നടപ്പിലാക്കുവാൻ ത്വരിത പ്രവർത്തനങ്ങൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ